12072
18/9/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- സംയോജിത ശിശു വികസന സേവന പദ്ധതി- സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി - സംസ്ഥാന കോർഡിനേറ്റർ, ജില്ലാ കോർഡിനേറ്റർ, എന്നിവരെ നിയമിക്കുന്നതിന് പബ്ലിക്ക് റിലേഷൻസ് വകുപ്പ് വഴി പത്രപ്പരസ്യം നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 526/2015/സാനീവ തീയതി, തിരുവനന്തപുരം 18.08.2015**

---

പരാമർശം:- (1) 01/02/2013. ലെ സ.ഉ (സാധാ)നം 29/2013/സാനീവ നമ്പർ ഉത്തരവ്

(2) 20/06/15 ലെ സ.ഉ (സാധാ)നം 390/2015/സാനീവ നമ്പർ ഉത്തരവ്

(3) 1 0/07/2015 ലെ സാമൂഹ്യ നീതി ഡയറക്ടറുടെ ഐ.സി.ഡി.എസ്. എ 6- 20804/14 നമ്പർ കത്ത്

(4) 22/07/2015 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

കൌമാര പ്രായക്കാരായ പെൺകുട്ടികളുടെ സാമൂഹ്യമാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിവരുന്ന സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതിയുടെ പരാമർശം (1) പ്രകാരം അംഗീകരിച്ച ധാരണാപത്രത്തിൽ ഒരു സംസ്ഥാന കോർഡിനേറ്ററേയും, 14 ജില്ലാ കോർഡിനേറ്റർമാരെയും യഥാക്രമം 15,000/-രൂപ, 14,000/-രൂപ പ്രതിമാസ ഓണറേറിയത്തിൽ നിയമിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം ഒരു വർഷം കരാർ അടിസ്ഥാനത്തിൽ സ്റ്റേറ്റ് കോർഡിനേറ്റർ, ജില്ലാ കോർഡിനേറ്റർ. എന്നിവരെ നിയമിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. സ്റ്റേറ്റ് കോർഡിനേറ്റർ, ജില്ലാ കോർഡിനേറ്റർ, എന്നിവരെ നിയമിക്കുന്നതിലേക്കായി ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നതിന് രണ്ട് ലീഡിംഗ് ദിനപ്പത്രത്തിൽ പരസ്യം നൽകുന്നതിന് 2,50,000/- രൂപ ചെലവാകുമെന്ന് സംസ്ഥാന പബ്ലിക്ക് റിലേഷൻസ് വകുപ്പ് അറിയിച്ചിട്ടുണ്ടെന്നും ടി സാഹചര്യത്തിൽ സംസ്ഥാന കോർഡിനേറ്ററേയും, 14 ജില്ലകളിലും ജില്ലാ കോർഡിനേറ്റർമാരെയും നിയമിക്കുന്നതിനുള്ള പത്രപ്പരസ്യം പബ്ലിക്ക് റിലേഷൻസ് വകുപ്പ് വഴി നൽകുന്നതിന് 2,50,000/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി നടത്തിപ്പിനായുള്ള '2235-02-102-62(01)പ്ലാൻ' ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (3)പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) 22/07/2015 ൽ നടന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൈക്കോ സോഷ്യൽ സർവ്വീസസ് പദ്ധതിയ്ക്കായി ഒരു സംസ്ഥാന കോർഡിനേറ്ററേയും, 14 ജില്ലകളിൽ ജില്ലാ കോർഡിനേറ്റർമാരെയും നിയമിക്കുന്നതിനുള്ള പത്രപ്പരസ്യം പബ്ലിക്ക് റിലേഷൻസ് വകുപ്പ് വഴി നൽകുന്നതിന് 2,50,000/- രൂപ (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി നടത്തിപ്പിനായുള്ള '2235-02-102-62(01) പ്ലാൻ' ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എ. ഷാജഹാൻ**
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യ നീതി ഡയറക്ടർ ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
സാമൂഹ്യനീതി(എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ